"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം - വന്യജീവി വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ജോജി ജോൺ ഫയൽ ചെയ്ത ഒറിജിനൽ ആപ്ലിക്കേഷൻ നം.2006/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 14-11-2025 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.7/2026/F&WLD തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. സ.ഉ (പി) നം.10/2025/വനം തീയതി 11-04-2025
2. ഒറിജിനൽ ആപ്ലിക്കേഷൻ നം.2006/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 14-11-2025 തീയതിയിലെ ഉത്തരവ്
3. ശ്രീ. ജോജി ജോണിന്റെ 29-11-2025 തീയതിയിലെ അപ്പീൽ അപേക്ഷ
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) - ന്റെ 17-12-2025 തീയതിയിലെ KFDHQ/10812/2025-ADMIN/D1 നമ്പർ കത്ത്

**ഉത്തരവ്**

മൂന്നാർ വർക്കിങ് പ്ലാൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. ജോജി ജോണിനെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) - ന്റെ 13-11-2025 - ലെ നടപടിക്രമം പ്രകാരം പാലക്കാട് വർക്കിങ് പ്ലാൻ ഓഫീസർ ആയി സ്ഥലം മാറ്റി നിയമിച്ചിരുന്നു. പ്രസ്തുത സ്ഥലം മാറ്റത്തിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒറിജിനൽ ആപ്ലിക്കേഷൻ നം.2006/2025 ഫയൽ ചെയ്യുകയുണ്ടായി. സ്ഥലം മാറ്റത്തിനെതിരെ അപേക്ഷകൻ അപ്പീൽ സമർപ്പിക്കുന്ന പക്ഷം ടി അപ്പീൽ പരിശോധിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കാൻ ഒന്നാം എതിർകക്ഷിയായ വനം - വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവാകുകയുണ്ടായി.

2. മാനസിക വൈകല്യമുള്ള (mental retardation) തന്റെ സഹോദരന്റെ കാര്യങ്ങൾ നോക്കുന്നതിനും, പ്രായാധിക്യമുള്ള അമ്മയുടെ പരിചരണത്തിനും തന്റെ സാമീപ്യം ആവശ്യമാണെന്നും, അതിനാൽ, മൂന്നാർ വർക്കിങ് പ്ലാനിൽ തുടരാൻ അനുവദിക്കുകയോ അതല്ലെങ്കിൽ പെരിയാറോ, വള്ളക്കടവോ പോലെ വീടിനു സമീപത്തായുള്ള ഏതെങ്കിലും സ്റ്റേഷനിൽ സൗകര്യാർത്ഥം നിയമിക്കുകയോ വേണമെന്ന് പരാമർശം (3) അപ്പീൽ അപേക്ഷയിൽ ശ്രീ. ജോജി ജോൺ പ്രധാനമായും ആവശ്യപ്പെടുകയുണ്ടായി.

3. ഇടുക്കി ജില്ലയിൽ പട്ടയ ഭൂമിയിൽ നിന്നും രാജകീയ ഗണത്തിൽപ്പെട്ട വൃക്ഷങ്ങൾ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ മുറിച്ചു കടത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വി.ഇ. 02/2021 നമ്പറായി നടത്തിയ അന്വേഷണത്തിലെ

ശിപാർശയുടെ അടിസ്ഥാനത്തിൽ വി.സി.07/2025/ഇടുക്കി നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും, ശ്രീ.ജോജി ജോൺ ഉൾപ്പടെ 4 വനം വകുപ്പ് ഉദ്യോഗസ്ഥർ കുറ്റാരോപിതർ ആണെന്ന് കണ്ടെത്തുകയുണ്ടായി. കുറ്റാരോപിതരുടെ അധികാര പരിധിയിലും നിയന്ത്രണത്തിലുമുള്ള സർക്കാർ മരങ്ങൾ മുറിച്ചു കടത്തിക്കൊണ്ട് പോകുന്നതിന് നിയമവിരുദ്ധമായി പാസുകൾ അനുവദിച്ചത് വഴി ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ₹28,44,071/- രൂപയുടെ സാമ്പത്തിക നഷ്ടം സർക്കാരിന് ഉണ്ടാക്കിയെന്ന കുറ്റാരോപണമാണ് ഒന്നാം പ്രതിയായ ശ്രീ . ജോജി ജോൺ അടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ളത്.

4. കേസിലെ പ്രതികൾ സാക്ഷികളെ സ്വാധീനിക്കുന്നതിനും ടിയാന്മാരുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ഉദ്യോഗസ്ഥരെ സ്വാധീനിച്ചും മറ്റും കേസുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കാനോ അല്ലെങ്കിൽ വ്യാജമായി രേഖകൾ ചമയുവാനോ സാധ്യത ഉള്ളതിനാൽ ഇവരെ ടി കേസിന്റെ അന്വേഷണം പൂർത്തിയാകും വരെ ഇടുക്കി ജില്ലയിലോ സമീപ ജില്ലകളിലോ നിയമിക്കരുതെന്നും, ഏതെങ്കിലും വടക്കൻ ജില്ലകളിലേക്കു സ്ഥലം മാറ്റി അപ്രധാന തസ്തികയിൽ നിയമിക്കണമെന്നും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. കുറ്റാരോപിതരായ ഓഫീസർമാർ ഇടുക്കി ജില്ലയിലോ സമീപ ജില്ലകളിലോ ജോലിനോക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാനും, അങ്ങനെ ജോലി നോക്കുന്നുവെങ്കിൽ അവരെ വടക്കൻ ജില്ലകളിലേക്ക് വിജിലിൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ പ്രകാരം മാറ്റി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും 17-10-2025 തീയതിയിലെ എ2-106/2025/വനം കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) - ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

5. മേൽ പറഞ്ഞ കേസ് കൂടാതെ മറ്റൊരു വിഷയത്തിൽ ഒന്നാം പ്രതിയായ ശ്രീ. ജോജി ജോണിനെതിരെ VC/03/2022/Idukki നമ്പറായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് ടിയാനെതിരെ പ്രോസിക്യൂഷന് ശിപാർശ ചെയ്തിട്ടുള്ളതാണെന്നും, മേൽ കേസ്സുകളിൽ പ്രതിയായ ശ്രീ. ജോജി ജോൺ സാക്ഷികളെ സ്വാധീനിക്കുന്നതിനും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കേസുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കുവാനോ അല്ലെങ്കിൽ വ്യാജമായി രേഖകൾ ചമയ്ക്കുവാനോ സാധ്യത ഉള്ളതിനാൽ ടിയാൻ ഇടുക്കി ജില്ലയിലോ സമീപ ജില്ലകളിലോ ജോലി നോക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ടെന്നും, പ്രസ്തുത സാഹചര്യത്തിൽ, ശ്രീ. ജോജി ജോണിന്റെ അപ്പീൽ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണപരമായ അടിയന്തര സാഹചര്യങ്ങളിൽ ജീവനക്കാരെ സ്ഥലം മാറ്റുന്നതിന് പൊതുസ്ഥലം മാറ്റത്തിന്റെ നിബന്ധനകളൊന്നും ബാധകമായിരിക്കുന്നതല്ലെന്ന് വനം - വന്യജീവി വകുപ്പിലെ കൺട്രോളിങ് & എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും, വന സംരക്ഷണ വിഭാഗം ജീവനക്കാരുടെയും പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ടുള്ള പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാത്രമല്ല, പോലീസ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, വനം വകുപ്പിന്റെ ആഭ്യന്തര വിജിലൻസ് എന്നിവരുടെ റിപ്പോർട്ടിന്റെയോ, ശിപാർശയുടെ ഭാഗമായോ, പ്രഥമദൃഷ്ട്യാ ഗുരുതരമായ പരാതികളുടെയോ, അച്ചടക്ക നടപടികളുടെയോ ഭാഗമായോ, മേലധികാരികളുടെ റിപ്പോർട്ട് കൂടാതെ ഭരണപരവും പൊതുതാത്പര്യം അനുസരിച്ച് സ്ഥലം മാറ്റുന്നതിന് മതിയായ കാരണം ഉണ്ടെങ്കിൽ സ്ഥലം മാറ്റത്തിനുള്ള സമയപരിധി ബാധകമാകാതെ എല്ലാ തസ്തികയിലുമുള്ള ജീവനക്കാരെ സ്ഥലം

മാറ്റാവുന്നതാണെന്നും ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സുഗമമായ അന്വേഷണത്തിനാണ് കുറ്റാരോപിതരുടെ സ്ഥലം മാറ്റത്തിനായി വിജിലൻസ് ശിപാർശ ചെയ്തത്. ആയതിനാൽ, അപേക്ഷകന്റെ സ്ഥലം മാറ്റം വ്യക്തമായും, പൊതുതാത്പര്യവും ഭരണപരമായ സൗകര്യവും മുൻ നിർത്തിയുള്ളതാണ്.

7. അപേക്ഷകനെ പൂർണമായും ആശ്രയിച്ച് കഴിയുന്ന മാതാവിന് ജീവനക്കാരന്റെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റോ അതിന്റെ അടിസ്ഥാനത്തിൽ നിയമനാധികാരിയുടെ സാക്ഷ്യപത്രമോ ലഭ്യമല്ല. പ്രത്യേക മുൻഗണന എന്നത് അവകാശമായി പരിഗണിക്കുവാൻ പാടില്ലെന്നും, വിജിലൻസ് അന്വേഷണം, ക്രിമിനൽ കേസ് മുതലായവയിൽ പ്രത്യേക മുൻഗണന വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഉൾപ്പെടുന്ന സാഹചര്യത്തിൽ ട്രാൻസ്ഫർ സംബന്ധിച്ച ഇളവുകൾക്ക് അർഹത ഇല്ലെന്നും പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ, അനുകമ്പാർഹമായ കാരണങ്ങൾ, പ്രത്യേക പരിഗണനയ്ക്കുള്ള അർഹത എന്നിവ മുൻ നിർത്തി സ്ഥലം മാറ്റം അനുവദിക്കണമെന്ന അപേക്ഷകന്റെ അവകാശ വാദവും പരിഗണനാർഹമല്ല.

8. പ്രസ്തുത സാഹചര്യത്തിൽ, മൂന്നാർ വർക്കിങ് പ്ലാനിൽ തുടരാൻ അനുവദിക്കുകയോ അതല്ലെങ്കിൽ പെരിയാറോ, വള്ളക്കടവോ പോലെ വീടിനു സമീപത്തായുള്ള ഏതെങ്കിലും സ്റ്റേഷനിൽ സൗകര്യാർത്ഥം നിയമിക്കുകയോ വേണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജോജി ജോൺ സമർപ്പിച്ച പരാമർശം (3) അപ്പീൽ അപേക്ഷ നിരസിച്ചു കൊണ്ട് ഒറിജിനൽ ആപ്ലിക്കേഷൻ നം.2006/2025 മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജി എ എം

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ), തിരുവനന്തപുരം.

ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ [ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) മുഖേന ].

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം [ആമുഖ കത്ത് സഹിതം].

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ് ( പ്രസിദ്ധീകരണത്തിനായി ).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 06-01-2026 14:48:01

സെക്ഷൻ ഓഫീസർ